
# ജി എം ജി എച്ച് എസ് എസ്
# കുന്നംകുളം



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026

# സ്കൂൾ പ്രൊഫോർമ – അക്കാദമിക വർഷം 2025–2026.

| | |
|---|---|
| റവന്യു ജില്ലയുടെ പേര് | തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ലയുടെ പേര് | ചാവക്കാട് |
| ഉപജില്ലയുടെ പേര് | കുന്നംകുളം |
| വിദ്യാലയത്തിന്റെ പേര് | ജി.എം.ജി.എച്ച്.എസ്., കുന്നംകുളം |
| വിലാസം | ജി.എം.ജി.എച്ച്.എസ്, ഗുരുവായൂർ റോഡ്<br>കുന്നംകുളം, Pin : 680503 |
| ഫോൺ നമ്പർ | 04885 223072 |
| ഇ-മെയിൽ വിലാസം | hmgmghsskkm@gmail.com |
| സ്കൂൾ കോഡ് | 24012 |
| സർക്കാർ/എയിഡഡ്/അൺ എയ്ഡഡ് | സർക്കാർ |
| ക്ലാസ്സ് | 5 മുതൽ 10 വരെ |
| ആകെ കുട്ടികളുടെ എണ്ണം | 212 |
| സ്കൂൾ സ്ഥാപിച്ച വർഷം | 1899 |
| അസംബ്ലി നിയോജകമണ്ഡലം | കുന്നംകുളം |
| റൂറൽ / അർബൻ | അർബൻ |
| താലൂക്ക് | കുന്നംകുളം |
| മുനിസിപ്പാലിറ്റി | കുന്നംകുളം |
| പ്രധാന അധ്യാപിക | കെ. കെ. മഞ്ജുള |
| സ്ഥിര അധ്യാപകരുടെ എണ്ണം | 11 |
| അനധ്യാപകർ | 04 |
| മറ്റു അധ്യാപകർ | 1. സ്കൂൾ കൗൺസിലിംഗ് ടീച്ചർ<br>2. സ്പെഷ്യൽ എഡ്യുക്കേറ്റർ<br>3. ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ |
| സ്കൂൾ സമയം | രാവിലെ 9.45 മുതൽ ഉച്ചതിരിഞ്ഞ് 4.15 വരെ. |

# ആമുഖം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഉപജില്ലയിൽ കുന്നംകുളം മുനിസിപ്പാലിറ്റിയിലെ 19-ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന കുന്നംകുളത്തെ ഏക സർക്കാർ പള്ളിക്കൂടമാണ് ഗവണ്മെന്റ് മോഡൽ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ. കുന്നംകുളത്തിന്റെ ഹൃദയഭാഗത്ത് നിന്നും ഏകദേശം ഒന്നര കിലോമീറ്റർ മാറി ഗുരുവായൂർ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. നഗരത്തിൽ നിന്നും അധികം ദൂരെയല്ലാതെ സ്ഥിതി ചെയ്യുന്നതുകൊണ്ടുതന്നെ നഗരത്തിന്റേതായ നാഗരികമായ എല്ലാ പ്രത്യേകതകളും ഇവിടെ കാണാൻ സാധിക്കും. സാംസ്കാരികമായി ഏറെ മുന്നിൽ നിൽക്കുന്ന ഈ പ്രദേശം മതസൗഹാർദ്ദത്തിന് മാതൃകയാണ്. വ്യത്യസ്ത മതവിഭാഗക്കാർ സൗഹാർദ്ദത്തോടെ അധിവസിക്കുന്ന ഈ ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന ഇവിടുത്തെ വിദ്യാർത്ഥികളിലും മതസൗഹാർദ്ദത്തിന്റെ പ്രത്യേകതകൾ ധാരാളമായി കാണാൻ സാധിക്കുന്നു.

കുന്നംകുളം-ഗുരുവായൂർ റോഡിൽ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം കുന്നംകുളം പ്രദേശത്തെ ഏറ്റവും പുരാതനമായ ഒരു വിദ്യാലയമാണ്. 1899ൽ പരിശുദ്ധനായ പരുമല തിരുമേനിയാൽ സ്ഥാപിതമായിട്ടുള്ള സെന്റ് ഇഗ്നേഷ്യസ് ലോവർ പ്രൈമറി സ്കൂളായിട്ടാണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. 1902ൽ പൂർണ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഈ സ്ഥാപനം നടത്തികൊണ്ടുപോകാൻ പള്ളിക്ക് പ്രയാസം നേരിട്ടതുകൊണ്ട് 1911ൽ വിദ്യാലയം സർക്കാരിന് ഏൽപ്പിക്കുകയാണ് ഉണ്ടായത്. അങ്ങനെ അന്നുമുതൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സർക്കാർ വിദ്യാലയമായി ഇതുമാറി.1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ ആൺകുട്ടികളും പെൺകുട്ടികളും ചേർന്ന് പഠിച്ചുവരുന്നു. 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പെൺകുട്ടികൾ മാത്രം പഠിച്ചുവരുന്ന കുന്നംകുളത്തെ ഏക സർക്കാർ പെൺപള്ളികൂടമായി ഇന്നും തുടർന്നു വരുന്നു.

2000 മുതൽ ഹയർ സെക്കണ്ടറി വിഭാഗവും ഇവിടെ പ്രവർത്തിച്ചുവരുന്നു. ഈ വർഷത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ (5 മുതൽ 10 വരെ) ആകെ 212 കുട്ടികൾ പഠിച്ചു വരുന്നു.

വൈവിധ്യമാർന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളാണ് കഴിഞ്ഞ കാലങ്ങളിലായി വിദ്യാലയത്തിൽ നടത്തി വരുന്നത്. സർക്കാരും, മുനിസിപ്പാലിറ്റിയും മറ്റു സംഘടനകളും നൽകുന്ന പ്രോത്സാഹനങ്ങളും സഹായ സഹകരണങ്ങളും മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ച വെയ്ക്കാൻ വിദ്യാലയത്തിന് സഹായകമായി.

എസ്.എസ്.എൽ.സി. പരീക്ഷയിൽ വർഷങ്ങളായി തുടർച്ചയായി 100% വിജയം കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞുഎന്നത് അഭിമാനകരമായ നേട്ടമായി കാണുന്നു.

ആധുനിക രീതിയിലുള്ള ആകർഷകമായ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത കുട്ടികളുടെ എണ്ണം കുറയുന്നതിന് കാരണമാകുന്നുണ്ടെങ്കിലും കൃത്യമായ, കാര്യക്ഷമമായ ഗുണമേന്മ വിദ്യഭ്യാസം പഠിതാക്കൾക്ക് നൽകാൻ വിദ്യാലയവും അധ്യാപകരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നത് വിദ്യാലയത്തിന്റെ നിലനിൽപ്പിന് ഒരു പരിധിവരെ ഗുണകരമായി തീർന്നിട്ടുണ്ട്. വ്യത്യസ്തമായ ശേഷികളുള്ള കുട്ടികളുടെ കഴിവുകൾ കണ്ടെത്തി സ്കൂളിനും സമഹൂത്തിനും ഉത്തമമാതൃകളായി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കാനുള്ള പ്രവർത്തന പരിപാടികളാണ് സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യം ഇടുന്നത്. അങ്ങനെ ഈ വിദ്യാലയത്തെ ലഹരിവിമുക്തമായ ഹരിതാഭമായ ശുചിത്വവിദ്യാലയമാക്കി മാറ്റുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി.വിഭാഗം

**മേഖല : അക്കാദമികം**
**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |

| | | | | |
|---|---|---|---|---|
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം<br><br>വർഷാവസാനം | മലയാളം, ഐ.ടി. അധ്യാപകർ<br><br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |
| 7) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി.വിഭാഗം

**മേഖല : അക്കാദമികം**
**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യ ങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശ ങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പി ക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കു വാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. വിഭാഗം.

മേഖല : **അക്കാദമികം**
ഉപമേഖല : **ഹിന്ദി**

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷര ങ്ങളും പദങ്ങളും ആശയ ങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാരഡ്, വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസ്സ് റൂമിൽ അക്ഷരമാല പ്രദർശനം<br>വാക്കുകൾ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | അക്ഷരചാർട്ട് പാഠ പുസ്തകം | ബി.ആർ.സി. റിസോഴ്സ് ടീച്ചർ |
| 2 | വീട് ഒരു പരീക്ഷണശാല. കാണുന്നതും, കേൾക്കു ന്നതും, ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കു ക. | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെ ടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കു ക.<br>ഐ.സി.ടി. സഹായത്തിലൂടെ വസ്തുക്കളും വാക്കു കളും പരിശീലിക്കുക.<br>സി.ഡബ്ല്യു.എസ്.എൻ. കുട്ടികളുടെ പങ്കാളിത്തം. | സെപ്തംബർ- ഒക്ടോബർ | ഹിന്ദി നിഘണ്ടു | ബി.ആർ.സി. റിസോഴ്സ് ടീച്ചർ |
| 3 | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പി ക്കാനും സർഗാത്മകരചന കൾ വികസിപ്പിക്കാനു മുള്ള അവസരം. | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ - ഹിന്ദി ദിനം സെപ്തംബർ 14, ജനു വരി 10.<br>ക്ലാസ്സ് ലൈബ്രറി<br>അധിക വായന സാമഗ്രികൾ | നവംബർ- ഫെബ്രുവരി | പുസ്തകങ്ങൾ | ബി.ആർ.സി., ഡയറ്റ്, പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| | (സുരീലി ഹിന്ദി) | ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം - അടിക്കുറിപ്പ്<br>ചിത്രം - കഥ പറയൽ<br>ചിത്രം - കഥ എഴുതൽ<br>കഥ ബാക്കി എഴുതൽ<br>വായനമൂല<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി.വിഭാഗം

മേഖല : **അക്കാദമികം**
ഉപമേഖല : **ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി.വിഭാഗം

മേഖല : **അക്കാദമികം**
ഉപമേഖല : **സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി.വിഭാഗം

മേഖല : **അക്കാദമികം**
ഉപമേഖല : **സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി & എച്ച്.എസ്. വിഭാഗം

മേഖല : **അക്കാദമികം**
ഉപമേഖല : **സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിയ്ക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃത ദിനാചരണം<br>• അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്സ്<br>• വായമൂല<br>• പദപയറ്റ്<br>• ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമ്മാണം, മാഗസിൻ നിർമ്മാണം, പോസ്റ്റർ നിർമ്മാണം, കഥ ഉപന്യാസം രചിക്കൽ & അവതരണം മുതലായവ.<br>• വിവിധ സാഹിത്യശാഖകളെ പരിചയപ്പെ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ മുതലായവ | |

| | | | | |
|---|---|---|---|---|
| • സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | ടുത്തൽ കഥ, കവിത, സുഭാഷിതങ്ങൾ ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ.<br>• വിവിധകലാരൂപങ്ങളുടെ ഡെമോൺസ്ട്രേഷൻ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (സംസ്കൃതം)

- **സംസ്കൃതം ലൈബ്രറി**

  സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃത ദിനാചരണം**

  സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ.

- **സംസ്കൃത അസംബ്ലി**

  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾതലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃത സംഭാഷണ ശിബിരം**

  സംബാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**

  സംസ്കൃതം കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**

  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം**

  സംസ്കൃതം സ്കോളർഷിപ്പ് എക്സാം, യു.എസ്.എസ്. എക്സാം, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേകം പരിശീലനം നൽകൽ.

- **ഐ.ടി. സാധ്യതകളെ പ്രയോജനപ്പെടുത്തൽ.**

  വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതിക വിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ, സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്ക്കൂൾ വിഭാഗം

**മേഖല : അക്കാദമികം**
**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസം (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ., അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ്സ് വായനാകൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം | 6 മാസം | ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ., അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 8. വായനാകുറിപ്പ് പതിപ്പ്<br>9.ദിനാചരണം<br>10.സാഹിത്യകാരന്മാരുമായുള്ളഅഭിമുഖം<br>11. ആനുകാലികങ്ങളുടെ വായന<br>12. ആസ്വാദ്യകരമായ വായന<br>13. ഇ- വായന | | | |
| 3. കുട്ടിയെ മികച്ച എഴുത്തുക്കാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ്<br>6. സർഗസൃഷ്ടികളുടെ പതിപ്പ് തയ്യാറാക്കൽ<br>7. സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി | 6 മാസം | ലൈബ്രറി, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ., അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലനം<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. പ്രസംഗങ്ങളുടെ വീഡിയോ, ഓഡിയോ<br>4. വേദികളിൽ പ്രസംഗം അവതരിപ്പിക്കുക | 6 മാസം | ഓഡിയോ, വീഡിയോ | ടെയിനർ, അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്ക്കൂൾ വിഭാഗം

മേഖല : **അക്കാദമികം**
ഉപമേഖല : **ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് ഭാഷ നൈപുണി | ഇംഗ്ലീഷ് ലൈബ്രറി, ഇംഗ്ലീഷ് കോർണർ സ്റ്റോറി ടൈം, ഇംഗ്ലീഷ് അസംബ്ലി. | അക്കാദമിക വർഷം | പി.ടി.എ., ടീച്ചേഴ്സ് | പി.ടി.എ. |
| 2. സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക | ചിത്രവായന, ലഘുകഥ നിർമാണം, പബ്ലിക് സ്പീക്കിംഗ്, ലാംഗ്വേജ് ഗെയിം, പത്രം വായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ്, ന്യൂസ് റീഡിംഗ് കോംമ്പറ്റീഷൻസ്, സന്ദർശിച്ച സ്ഥലങ്ങളെ കുറിച്ച് ലേഖനം തയ്യാറാക്കൽ. | ക്ലാസ്സ് റൂം പ്രവർത്തനം, അസംബ്ലി | പി.ടി.എ., ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ., ഇംഗ്ലീഷ് ക്ലബ്ബ് |
| 3. പാഠഭാഗങ്ങളുടെ രംഗാവിഷ്ക്കാരം / നാടകീകരണം | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി പപ്പെറ്റ് ഷോ, സ്കിറ്റ്. | ക്ലാസ്സ് പ്രവർത്തനം | ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് |
| 4. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾ | പ്രൊഫയൽ, സ്ക്രിപ്റ്റ്, റോൾ പ്ലേ, കോറിയോഗ്രാഫി. | അക്കാദമിക വർഷം | എസ്.ആർ.ജി. | ഇംഗ്ലീഷ് ക്ലബ്ബ് |
| 5. കവിതകൾ കവിതാലാപനത്തിൽ കേൾക്കാനും അവസരം നൽകൽ | ഇംഗ്ലീഷ് ഓഡിയോ കേൾക്കാൻ അവസരം നൽകുക. കവിതാരചന, ആലാപന മത്സരം നടത്തുക, | ക്ലാസ്സ് പ്രവർത്തനം, വർഷത്തിൽ 2 പ്രാവശ്യം | എസ്.ആർ.ജി., ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ആസ്വാദന കുറിപ്പ് തയ്യാറാക്കുക. | | | |
| 6. സാങ്കേതിക വിദ്യാ സാധ്യതകളെ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തൽ | ഐ.സി.ടി. സാധ്യത ഉൾപ്പെടുത്തൽ, പ്രശസ്ത എഴുത്തുകാരുടെ അഭിമുഖം, അവരുടെ പദ്യം ചൊല്ലൽ, അവരുമായി സംബന്ധിച്ച സ്ഥലങ്ങൾ, വ്യക്തികൾ, വസ്തുക്കൾ (ഉദാ. ജന്മസ്ഥലം, പ്രചോദനമായ സ്ഥലങ്ങൾ, വ്യക്തികൾ, മുതലായവ) | അക്കാദമിക വർഷത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ടീച്ചേഴ്സ്, എസ്.ആർ.ജി. | പി.ടി.എ., ഇംഗ്ലീഷ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്ക്കൂൾ വിഭാഗം

മേഖല : **അക്കാദമികം**
ഉപമേഖല : **ഹിന്ദി ഭാഷ ക്ലാസ് തലം**

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ 2 വാരം | 8 | ഹിന്ദി അധ്യാപിക | എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. സി.ഡബ്ല്യു.എസ്.എൻ., സ്ലോ ലേണേഴ്സ് കുട്ടികൾക്ക് അധികപിന്തുണ ഉറപ്പാക്കൽ |
| 2. | ഹിന്ദി അക്ഷരങ്ങൾ, സ്വരചിഹ്നങ്ങൾ, ചെറിയ വാക്കുകൾ, വാചകങ്ങൾ, ഹിന്ദി വായിക്കാനും എഴുതാനും സുഗമമാക്കൽ. | ജൂൺ ആദ്യ 2 വാരം | 8 | ഹിന്ദി അധ്യാപിക | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനം ദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 8, 9 | ഹിന്ദി അധ്യാപിക | |
| 4 | സി.ഡബ്ല്യു.എസ്.എൻ., സ്ലോ ലേണേഴ്സ് കുട്ടികൾക്കായി പ്രത്യേകം അക്ഷര കാർഡുകൾ, ഐ.സി.ടി. മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ച്ചയിൽ ഒരു പ്രാവശ്യം. | 8, 9, 10 | ഹിന്ദി അധ്യാപിക | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനു | ആഴ്ച്ചയിൽ ഒരു ദിവസം | 8, 9, 10 | ഹിന്ദി അധ്യാ | ഹിന്ദിഭാഷയോട് അഭിരുചി വർദ്ധിപ്പിക്കു |

| | | | | | |
|---|---|---|---|---|---|
| | കൾ, ആത്മകഥകൾ, കവിതകൾ, കഥകൾ വായിപ്പിക്കൽ. | | | പിക | ക. ഹിന്ദി എളുപ്പത്തിൽ വായിച്ച് ആശയം മനസ്സിലാക്കാൻ പ്രാപ്തരാക്കൽ. |
| 6 | ഹിന്ദി അസംബ്ലി നടത്തുക. ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. | ആഴ്ച്ചയിൽ ഒരിക്കൽ, മാസത്തിൽ ഒരിക്കൽ | 8, 9, 10 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കൽ. |
| 7 | ഹിന്ദി കയ്യെഴുത്ത് മാസിക | ജനുവരി | 8, 9, 10 | ഹിന്ദി അധ്യാപിക | സർഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക. ഹിന്ദിയിൽ എഴുതാൻ അവസരം നൽകൽ. |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | ഹിന്ദി പിരീഡുകൾ | 8, 9, 10 | ഹിന്ദി അധ്യാപിക | ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം.<br>ഹിന്ദി സിനിമ, ഡോക്യുമെന്ററി കാണാനുള്ള അവസരം.<br>ഹിന്ദി വാർത്തകൾ കാണാനുള്ള അവസരം. | 6 മാസം | 9, 10 | ഹിന്ദി അധ്യാപിക | ഹിന്ദി സുഗമമായി സംസാരിക്കാൻ പഠിക്കുക. ഹിന്ദി ഭാഷ സ്വായത്തമാക്കുക. |
| 10 | എ ഉപയോഗിച്ച് ഭാഷാപഠനം എളുപ്പമാക്കാനുള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 8, 9, 10 | ഹിന്ദി അധ്യാപിക | നൂതന സാങ്കേതിക വിദ്യയുടെ നേട്ടം കുട്ടികളിലേക്കെത്തിക്കുക. |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ വിഭാഗം.

മേഖല : **അക്കാദമികം**

ഉപമേഖല : **സാമൂഹ്യശാസ്ത്രം.**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | പിന്തുണ | സമയം |
|---|---|---|---|---|---|
| 1. | അടിസ്ഥാന വിവരങ്ങൾ നേടുക. | ജില്ല, കേരളം, ഇന്ത്യ എന്നിവയുടെ ഭൂപടങ്ങൾ നൽകി അതിരുകൾ, പ്രധാന സ്ഥലങ്ങൾ, ജില്ലകൾ, സംസ്ഥാനങ്ങൾ എന്നിവ കണ്ടെത്തനും രേഖപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | സമൂഹ്യശാസ്ത്ര അധ്യാപിക | സ്വയം കണ്ടെത്തുന്നു. | അക്കാദമിക വർഷം മുഴുവൻ മാസത്തിനൽ 1 പിരിയ്ഡ് |
| 2. | ഭൂപടങ്ങൾ വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | വിദഗ്ദ്ധരുടെ സഹായത്താൽ വിദ്യാലയത്തിന്റെ ഏറ്റവും ആകർഷകമായ ഭാഗത്ത് ഇന്ത്യയുടെ രാഷ്ട്രീയ-ഭൗതിക ഭൂപടങ്ങൾ വരച്ച്/നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു. ക്ലാസ്സുമുറികളിൽ അവയുടെ ചുമർ ഭൂപടങ്ങൾ പ്രദർശിപ്പിക്കുന്നു. അറ്റ്ലസ് നിർമ്മാണം പരിശീലനം നൽകുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപിക, സന്നദ്ധ സേവന സംഘടനകൾ. | എസ്.എസ്.കെ. ഫണ്ട് | ദീർഘകാലം പരിപാടി, പ്രവൃത്തിദിനങ്ങൾ, ഒഴിവുസമയങ്ങൾ |
| 3 | ഭൂപ്രകൃതി വൈവിധ്യങ്ങൾ നിരീക്ഷിച്ചറിയുക. ചരിത്രാവബോധം വളർത്തുക. | വൈവിധ്യം നിറഞ്ഞ ഭൂപ്രകൃതി വിഭാഗങ്ങളിലേയ്ക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. ഭിന്നശേഷിയുള്ള പഠിതാക്കൾക്കായി പ്രത്യേകം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | സമൂഹ്യശാസ്ത്ര അധ്യാപിക, പി.ടി.എ. | എസ്.എസ്.കെ., ബി.ആർ.സി. | അക്കാദമിക് വർഷത്തിൽ നിശ്ചിത തിയ്യതികളിൽ |
| 4 | ജനാധിപത്യ വിദ്യാഭ്യാസം, ജനാധി | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് എന്നിവ ജനാധിപത്യ വിദ്യാഭ്യാസം ലഭ്യമാകുന്ന വിധത്തിൽ സംഘടിപ്പിക്കുക. | സമൂഹ്യശാസ്ത്ര അധ്യാപിക | സോഷ്യൽ സയൻസ് ക്ലബ്ബ്, | അക്കാദമിക് വർഷത്തിൽ തിരഞ്ഞെ |

| | | | | | |
|---|---|---|---|---|---|
| | പത്യ സംരക്ഷണം എന്നിവ വളർത്തു ക. | | | സന്നദ്ധ സംഘടന കൾ | ടുത്ത ദിനങ്ങളിൽ |
| 5 | സാമൂഹ്യ ശാസ്ത്ര ത്തിൽ പരീക്ഷണ നിരീക്ഷണ, നിർമ്മാണ പ്രവർത്തനങ്ങ ളിൽ താൽപര്യം വളർത്തുക. സാമൂഹ്യ ശാസ്ത്ര മേളകളിൽ പങ്കാ ളിത്തം ഉറപ്പു വരുത്തുക. | സാമൂഹ്യ ശാസ്ത്ര ലാമ്പുകൾ നിർമ്മിക്കുന്നു. പരീക്ഷണ ങ്ങൾക്കും, നിരീക്ഷണങ്ങൾക്കും നിർമ്മാണ പ്രവർത്തന ങ്ങൾക്കും അവസരം ഒരുക്കുന്നു. പ്രാദേശിക ചരിത്ര രചന, സ്റ്റിൽ/വർക്കിംഗ് മോഡൽ, നിർമ്മാണം. ക്വിസ് മത്സരം എന്നി വയ്ക്ക് ആവശ്യമായ നിർദ്ദേശവും പരിശീലനങ്ങളും നൽകുക. സാമൂഹ്യ ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പാക്കുക. | സമൂഹ്യശാസ്ത്ര അധ്യാപിക | സോഷ്യൽ സയൻസ് ക്ലബ്ബ്, പി.ടി.എ. വിദഗ്ദ്ധർ | ദീർഘകാല പരിപാടി |
| 6 | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങളെ കുറിച്ചും അവ യുടെ പ്രാധാ ന്യത്തെ കുറിച്ചും അവബോധം | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളുടെ പ്രത്യേക തയ്ക്ക് അനുസരിച്ച് വ്യത്യസ്ത പ്രവർത്തന പരിപാടികൾ (പ്രഭാ ഷണം, ചിത്ര രചന, ഉപന്യാസ രചന, പോസ്റ്റർ രചന, പ്ലകാർഡ് നിർമ്മാണം, മോഡൽ, സ്കിറ്റ്, നൃത്താവിഷ്കാരം, അഭിമുഖം തുട ങ്ങി വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുക. | സമൂഹ്യശാസ്ത്ര അധ്യാപിക, പി.ടി.എ. | നഗരസഭ, ബി.ആർ.സി. | അക്കാദമിക വർഷം മുഴുവൻ, നിശ്ചിത ദിവസങ്ങളിൽ |

| | | | | | |
|---|---|---|---|---|---|
| | ഉണ്ടാക്കുക. | | | | |
| 7 | പൗരബോധം, പ്രകൃതി സംരക്ഷണം, സഹജീവി സ്നേഹം, കാരുണ്യ, മതേതരത്വം സഹിഷ്ണുത തുടങ്ങിയ ജനാധിപത്യ മാനുഷിക മൂല്യങ്ങൾ വളർത്തുക. | സർവെ, പ്രൊജക്റ്റ്, ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖം എന്നിങ്ങനെ വ്യത്യസ്തമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച ജനാധിപത്യ- മാനുഷിക മൂല്യങ്ങൾ വളർത്തുന്നു. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടാൻ അവസരം ഉണ്ടാക്കുന്നു. വനവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക. പരിസ്ഥിതി സൗഹൃദ വിദ്യാലയം, പേപ്പർ ബാഗ്, പേപ്പർ, പേന, തുണി ബാഗ്, പുനരുപയോഗം പരിശീലനം എന്നിവയ്ക്കായി വ്യത്യസ്ത പരിപാടികൾ. സഹ ജീവി സ്നേഹത്തിന്റെ ഭാഗമായി ഫണ്ട് ശേഖരണം, ഹോസ്പിറ്റൽ സന്ദർശനം, പൊതിചോറ്, വൃദ്ധസദനം സന്ദർശനം എന്നിവ സംഘടിപ്പിക്കുന്നു. | സമൂഹ്യശാസ്ത്ര അധ്യാപിക, പി.ടി.എ. | എസ്.എസ്.കെ., ബി.ആർ.സി., സന്നദ്ധ സംഘടനകൾ | അക്കാദമിക വർഷം മുഴുവൻ, നിശ്ചിത തിയ്യതികളിൽ |
| 8 | സോഷ്യൽ സയൻസ് മേഖലയുമായി ബന്ധപ്പെട്ട ഉപരിപഠന സാധ്യതകളെ കുറിച്ച് ധാരണ ഉണ്ടാക്കുക. | സോഷ്യൽ സയൻസ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. അതിൽ ക്വിസ്, പ്രസംഗം, ഡോക്യുമെന്ററി, പ്രദർശനം, അഭിമുഖം, പ്രഭാഷണം എന്നിവ സംഘടിപ്പിക്കുന്നു. കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട സിനിമ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | സമൂഹ്യശാസ്ത്ര അധ്യാപിക, പി.ടി.എ. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, ബി.ആർ.സി. റിസോഴ്സ് പേഴ്സൺ | അക്കാദമിക വർഷം മുഴുവൻ, നിശ്ചിത ദിവസങ്ങളിൽ |
| 9 | ഉൾചേരൽ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുക. | വിഭിന്ന ശേഷികളായുള്ള പഠിതാക്കൾക്കായി അനുയോജ്യമായ പഠനതന്ത്രങ്ങളും പഠന സാമഗ്രികളും ഒരുക്കിയെടുക്കുക. ബഡ്ഡി സിസ്റ്റം കാര്യക്ഷമമാക്കുക .പ്രത്യേക ടി.എം. തയ്യാറാകകി അവതരിപ്പിക്കുക. | സമൂഹ്യശാസ്ത്ര അധ്യാപിക, സ്പെഷ്യൽ എഡ്യുക്കേറ്റർ | ബി.ആർ.സി. നഗരസഭ | അക്കാദമിക വർഷം മുഴുവൻ |

| | | | | | |
|---|---|---|---|---|---|
| 10 | ശുചിത്വം - മാലിന്യ സംസ്കരണം എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. | ജൈവ - അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കാനുള്ള പരിശീലനം നൽകുക, പ്രത്യേക സംവിധാനങ്ങൾ നൽകുക. സ്കൂളിലെ തുമ്പൂർമുഴി ജൈവ മാലിന്യ പ്ലാന്റിന്റെ പ്രവർത്തന ങ്ങളിൽ ഓരോ ദിവസം ഓരോ ക്ലാസ്സിന് ചാർജ്ജ് നൽകികൊണ്ട് മാലിന്യസംസ്കരണം കാര്യക്ഷമമാക്കുക. ഉപയോഗിച്ച പേനകൾ ഉപയോഗിച്ച പുനരുപയോഗം, ഡെക്കറേറ്റീവ് ഐറ്റംസ് നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുക. | ഇക്കോ ക്ലബ്ബ്, സോഷ്യൽ ക്ലബ്ബ്, ജെ.ആർ.സി. ക്ലബ്ബ്, അധ്യാപകർ | പി.ടി.എ. വിവിധ ക്ലബ്ബുക ളുടെ കൺവീ നർമാർ | ദീർഘകാല പ്രവർത്തനം, അക്കാ ദമിക വർഷം മുഴു വൻ |
| 11 | പ്ലാസ്റ്റിക് രഹിത വിദ്യാലയം, സമൂ ഹം. | ക്ലാസ്സുമുറികളിലും സ്കൂളിലും ഗ്രീൻ പ്രോട്ടോക്കോൾ പരമാ വധി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക. സ്റ്റീൽ ബോട്ടിൽ ഫോർ ഡ്രിംങ്കിംഗ് വാട്ടർ, പേപ്പർ പെൻ, ഇൻക് പെൻ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. ബർത്ത്ഡേ പോലെയുള്ള വിസേഷ ദിവസങ്ങളിൽ മിഠായി പരമാവധി ഒഴിവാ ക്കുക. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന ക്ലാസ്സുകൾ/കുടടി കൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകുന്നു. | ക്ലാസ്സ് ടീച്ചർ, ഇക്കോ, ജെ.ആർ.സി. ക്ലബ്ബുകൾ. | പി.ടി.എ. നഗരസഭ, സന്നദ്ധ സംഘടനകൾ | ദീർഘകാലാടിസ്ഥാന ത്തിൽ, അക്കാദമിക വർഷം മുഴുവൻ |
| 12 | ലഹരി വിമുക്ത വിദ്യാലയം | ലഹരി വസ്തുക്കൾക്കെതിരായ ബോധവൽക്കരണപരിപാടി സംഘടിപ്പിക്കുന്നു. സ്കൂൾ കോമ്പൗണ്ട്, സമീപ കടകൾ എന്നിവ യുടെ പരിശോധന കാര്യക്ഷമമാക്കുന്നു. ലഹരിവിരുദ്ധ സന്ദേശ ങ്ങൾ ഉൾക്കൊള്ളുന്നു ................ | അധ്യാപകർ, പി.ടി.എ. | എക്സൈസ് ഡിപ്പാർട്ടുമെന്റ്, പോലീസ്, മുനിസി പ്പാലിറ്റി | ദീർഘകാല പ്രവർത്തനം, അക്കാ ദമിക വർഷം മുഴു വൻ |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ വിഭാഗം.

മേഖല : **അക്കാദമികം**

ഉപമേഖല : **ശാസ്ത്രം - രസതന്ത്രം, ഊർജതന്ത്രം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| 1. | ശാസ്ത്രാഭിരുചി വളർത്തുക. | • ശാസ്ത്രശില്പശാലകൾ, സെമിനാർ, ശാസ്ത്രമേളകൾ<br>• ശാസ്ത്രമാസികകൾ വായിക്കുന്നു.<br>• ശാസ്ത്രനാടകം<br>• പഠനയാത്ര | ശാസ്ത്രാധ്യാപിക | 5000/- മുനിസിപ്പാലിറ്റി | 1 വർഷം |
| 2 | ശാസ്ത്ര വിഷയങ്ങളിൽ പിന്നോക്കക്കാരെ കണ്ടെത്തി മുൻനിരയിലെത്തിയ്ക്കുക. | • പ്രത്യേക മൊഡ്യൂൾ തയ്യാറാക്കും<br>• എസ്.സി.ഇ.ആർ.ടി., സമഗ്ര ക്വസ്റ്റ്യൻപൂൾ മുതലായവ.<br>• അധികസമയ ക്ലാസ്സുകൾ<br>• ഐ.സി.ഐ. ബേയ്സ്ഡ് ക്ലാസ്സുകൾ. | ശാസ്ത്രാധ്യാപിക | 5000/- പി.ടി.എ. | 1 വർഷം |
| 3 | ശാസ്ത്രമേളകളിൽ വിജയികളാകാൻ | • വിദഗ്ദ്ധരുടെ സേവനം<br>• ശാസ്ത്രപ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ<br>• ഇന്റർനെറ്റ് സഹായം | ശാസ്ത്രാധ്യാപിക | 5000/- പി.ടി.എ. | ജൂൺ - സെപ്തംബർ |
| 4 | ബുള്ളറ്റിൻ ബോർഡ്, ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ. | • ഭൗതിക ശാസ്ത്രത്തിലെ നൂതന അറിവുകൾ ഉൾപ്പെടുത്തുന്നു.<br>• ശാസ്ത്രാഭിരുചി വളർത്തുന്ന രീതിയൽ വൈവിധ്യ | അധ്യാപിക - വിദ്യാർത്ഥികൾ,<br><br>അധ്യാപിക - വി | 1000/- പി.ടി.എ. | 1 വർഷം |

| | | | | | |
|---|---|---|---|---|---|
| | | മാർന്ന വിഷയങ്ങൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | വിദ്യാർത്ഥികൾ | | |
| 5 | പരീക്ഷണം, നിരീക്ഷണം ഏർപ്പെടാനുള്ള കഴിവ്. | • പരീക്ഷണാധിഷ്ഠിതമായ ക്ലാസ്സുകൾ.<br>• പരീക്ഷണ മാതൃകകൾ നിർമ്മിക്കൽ | ശാസ്ത്രാധ്യാപിക<br><br>വിദ്യാർത്ഥികൾ | 5000/- പി.ടി.എ. | 1 വർഷം |
| 6 | അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ ഉന്മൂലനം ചെയ്യൽ | • ഏതൊരു പ്രശ്നത്തെയും ശാസ്ത്രീയമായി സമീപിക്കുന്നു.<br>• അനുബന്ധക്ലാസ്സുകൾ<br>• വിദഗ്ദ്ധരുടെ ...........<br>• ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ. | ശാസ്ത്രാധ്യാപിക | 1000/- പി.ടി.എ. | ദീർഘകാലം |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ വിഭാഗം.

മേഖല : **അക്കാദമികം**
ഉപമേഖല : **ജീവശാസ്ത്രം**

| **ക്രമ നമ്പർ** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|---|
| 1. | പരിസ്ഥിതി ബോധവത്ക്കരണം | പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷത്തൈ നട്ടു പിടിപ്പിക്കൽ. | ജൂൺ 5 | ബയോളജി വിഭാഗം | പി.ടി.എ., സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ്ബ് |
| 2 | ജൈവവൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തു പട്ടിക തയ്യാറാക്കൽ. | ജൂലൈ മുഴുവൻ | ബയോളജി വിഭാഗം | പി.ടി.എ. |
| 3 | പരിസ്ഥിതി പഠനാനുഭവം | ജലാശയത്തിൽ ഫീൽഡ് സ്റ്റഡി, സാമ്പിൾ ശേഖരണം, ഫീൽഡ് ട്രിപ്പ്. | ആഗസ്റ്റ് മാസം | ബയോളജി വിഭാഗം | സയൻസ് ക്ലബ്ബ് |
| 4 | ഗവേഷണ വൈദഗ്ദ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി, + പോസ്റ്റർ അവതരണം. | ഓഗസ്റ്റ്-സെപ്തംബർ | അധ്യാപകർ | പി.ടി.എ., സയൻസ് ക്ലബ്ബ് |
| 5 | അറിവ്, മികവ് പരീക്ഷിക്കൽ | സ്കൂൾ തല ബയോളജി ക്വിസ് + ഐ.സി.ടി. പ്രദർശനം | സെപ്തംബർ പകുതി | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| 6 | വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് വീക്ക് - ഡെക്യുമെന്ററി, ചർച്ച, പ്രതിജ്ഞ. | ഒക്ടോബർ 2-7 | ഇക്കോ ക്ലബ്ബ് | പി.ടി.എ. |
| 7 | വിദ്യാർത്ഥി പ്രതിഭാ പ്രദർശനം | വർഷാന്ത്യ സയൻസ് എക്സിബിഷൻ | നവംബർ രണ്ടാം ആഴ്ച്ച | സയൻസ് ക്ലബ്ബ്, ബയോളജി വിഭാഗം | പി.ടി.എ., ജില്ലാതല ഗ്രാന്റ് |
| 8 | പാഠഭാഗ പുനരാവർത്തനം | പിയർ ലേണിങ്ങ്, ഗ്രൂപ്പ് റിവിഷൻ | ജനുവരി - | ബയോളജി വിഭാഗം | സ്കൂൾ അദ്ധ്യാപക ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | | ക്ലാസ്സുകൾ | ഫെബ്രുവരി | | |
| 9 | അന്വേഷണ......., വിശക ലന ശേഷി എന്നിവ തേടു ന്നതിന് | വിഷയബനധിതമായി പ്രൊജക്ട് ചെയ്യൽ, പൊതുവേദികളിൽ സെമിനാർ അവതരണം, ശാസ്ത്ര ലൈബ്രറി രൂപീകരണം. | വർഷം മുഴുവൻ | ബയോളജി വിഭാഗം | പി.ടി.എ. |
| 10 | പാദവാർഷിക/അർദ്ധ വാർഷിക/വാർഷിക പരീക്ഷ (എസ്.എ.) വികാ സപ്രദ വിലയിരുത്തൽ (എ ഫ്.എ.) | വിലയിരുത്തലിനു ശേഷം പഠനപി ന്തുണ വേണ്ട കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. പരിപാടി ആസൂ ത്രണം ചെയ്യുന്നു, നിർവ്വഹി ക്കുന്നു.<br>മോണിറ്ററിംഗ് | പാദവാർഷികം. സെപ്തംബർ- ഒ ക്ടോബർ. അർദ്ധ വാർഷികം. ഡിസംബർ- ജനു വരി. വാർഷികം മാർച്ച്- ഏപ്രിൽ | ക്ലാസ്സ് ടീച്ചർ, എച്ച്.എം., എസ്.ആർ.ജി. കൺവീ നർ, സബ്ജക്ട് കൗൺസിൽ കൺവീനർ | സംസ്ഥാനതല ഗ്രാന്റ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ വിഭാഗം.

മേഖല : **അക്കാദമികം**
ഉപമേഖല : **ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവന കൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയി ലേക്ക്: മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സ രങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപ കരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധ വൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

# ഉപസംഹാരം

വിദ്യാഭ്യാസത്തിൽ മികവ് കൈവരിക്കുന്നതിനുള്ള സമഗ്രമായ ഒരു രൂപരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാർത്ഥി കേന്ദ്രീകൃത പഠനത്തിന് മുൻഗണന നൽകുന്നതിലൂടേയും നവീകരണ സംസ്കാരം വളർത്തിയെടുക്കുന്നതിലൂടേയും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിലൂടേയും ചലനാത്മകമായ ഒരു അക്കാദമിക അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ ഇതിലൂടെ കഴിയുന്നു. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്ത് വിജയിക്കുവാൻ ആവശ്യമായ അറിവുകൾ, കഴിവുകൾ, മൂല്യങ്ങൾ എന്നിവ നൽകി പുതിയ കാലഘട്ടത്തിന് അനുയോജ്യമായവിധം വിദ്യാർത്ഥികളെ വാർത്തെടുക്കാൻ ഈ മാസ്റ്റർ പ്ലാൻ സഹായകമാകും എന്നതിൽ തർക്കമില്ല. ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോന്നും ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിലൂടെ വിദ്യഭ്യാസനിലവാരം മെച്ചപ്പെടുത്തുവാനും അതുവഴി ഭാവിയിലെ വെല്ലുവിളികളെ നിഷ്പ്രയാസം മറികടക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഈ മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിലൂടെ വിദ്യഭ്യാസത്തിന്റെ ഭാവി രൂപപ്പെടുത്തുവാനും അങ്ങനെ വിദ്യാർത്ഥികളെ ആത്മവിശ്വാസവും ദിശാബോധവും ഉള്ള ഒരു തലമുറയായി വളർത്തിയെടുക്കുവാനും കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെ.

നന്ദി

